# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2376 18.12.2012-ലെ മറുപടിക്ക്

## പൊതുവിപണിയിൽ നിന്നും എടുത്ത വായ്പകളുടെ വിശദാംശങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. കെ.വി. അബ്ദുൾ ഖാദർ | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| (എ) | സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ പൊതുവിപണിയിൽ നിന്നും എടുത്ത മൊത്തം വായ്പകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; ഈ വായ്പകളുടെ തിരിച്ചടക്കേണ്ടുന്ന കാലാവധി എപ്പോഴാണ് ; | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 30.11.2012 വരെ 15,880 കോടി രൂപ പൊതുവിപണിയിൽ നിന്നും കടമെടുത്തിട്ടുണ്ട്. ഈ വായ്പകൾ എടുത്ത തീയതിമുതൽ പത്തുവർഷം പൂർത്തിയാകുന്ന മുറയ്ക്ക് 2021-2022, 2022-23 സാമ്പത്തിക വർഷങ്ങളിൽ തിരിച്ചടയ്ക്കേണ്ടതാണ്. |
| (ബി) | വായ്പ എടുത്ത തുകയിൽ നിന്ന് വികസന പ്രവർത്തനങ്ങൾക്കായി മാത്രം വിനിയോഗിച്ച തുക എത്രയാണെന്ന് വിശദമാക്കാമോ ? | വായ്പ എടുത്ത മുഴുവൻ തുകയും Consolidated fund ൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. Consolidated fund ൽ മറ്റു വരുമാനങ്ങളും ഉൾപ്പെടുന്നതുകൊണ്ട് വായ്പ എടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി വിനിയോഗിക്കപ്പെട്ടെന്ന് വേർതിരിക്കാനാവില്ല. |

സെക്ഷൻ ഓഫീസർ